**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4525** **10-08-2021 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിനായുള്ള 31.7.19-ലെ 1335/2019 സർക്കാർ ഉത്തരവ് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഇല്ല. |
| (ബി) | അന്വേഷണ റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ കാലാവധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ബി) | കമ്മിറ്റിയിലെ അംഗങ്ങൾ മറ്റ തസ്തികയിലേയ്ക്ക് മാറിയതിനാൽ പ്രസ്തുത കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനായുള്ള ഫയൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. |
| (സി) | സ്ഥാപനത്തിന്റെ ഗവേണിങ് ബോഡി, അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥന്മാർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകരുതെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഉദ്യോഗസ്ഥർക്കാണ് ആനുകൂല്യങ്ങൾ നൽകരുതെന്ന് തീരുമാനിച്ചിട്ടുള്ളത്; | (സി) | റിട്ടയർമെന്റിന്റെ ഭാഗമായുള്ള ഗ്രാറ്റുവിറ്റി തുക നൽകേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം മുൻ ഡയറക്ടർ ശ്രീ. അരുൾ ജെറാൾഡ് പ്രകാശ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുരേഷ് കുമാർ. എസ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം മുൻ ഡെപ്യൂട്ടി ഡയറക്ടർ (ഡെപ്യൂട്ടേഷൻ) ശ്രീമതി. ബീഗം പമീല എസ്. എ എന്നീ മൂന്ന് ഉദ്യോഗസ്ഥർക്ക് ആനുകൂല്യങ്ങൾ നൽകരുതെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ഗവേണിങ് ബോഡിയുടെ തീരുമാനത്തിന് വിരുദ്ധമായി ആർക്കെങ്കിലും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | നൽകിയിട്ടില്ല. |
| (ഇ) | പ്രസ്തുത അന്വേഷണ റിപ്പോർട്ട് വേഗത്തിൽ സമർപ്പിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ബാധ്യതകൾ തിട്ടപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകുമോ; അറിയിക്കുമോ? | (ഇ) | കമ്മിറ്റിയിലെ അംഗങ്ങൾ മറ്റ തസ്തികയിലേയ്ക്ക് മാറിയതിനാൽ പ്രസ്തുത കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനായുള്ള ഫയൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ